**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1492** — **11/08/2017** ൽ മറുപടിക്ക്

**തെരുവുനായ ശല്യം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | **കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** തെരുവുനായശല്യം നിയന്ത്രിക്കാൻ വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | **എ)** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാപഞ്ചായത്തുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷൻ, മൃഗ സംരക്ഷണ വകുപ്പ് എന്നിവയുടെ സഹായത്തോടെ എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ എ.ബി.സി. റൂൾ ചട്ടം 4 പ്രകാരം മോണിറ്ററിംഗ് സമിതി രൂപീകരിച്ച് എ.ബി.സി. പ്രോഗ്രാമിന്റെ പുരോഗതി വിലയിരുത്തി വരുന്നു. പൊതു സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപത്തിനെതിരെ കർശനമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. വളർത്തു നായകൾക്ക് ലൈസൻസും വാക്സിനേഷനും നിർബന്ധമാക്കിയിട്ടുണ്ട്. കുടുംബശ്രീ മൈക്രോ യൂണിറ്റുകൾക്ക് തെരുവുനായകളെ വന്ധ്യംകരിക്കുന്നതിനുള്ള പരിശീലനം നൽകിവരുന്നുണ്ട്. |
| **ബി)** തെരുവുനായ്ക്കളുടെ കൃത്യമായ കണക്ക് ലഭ്യമാണോ എന്ന് വിശദമാക്കുമോ; | **ബി)** 2012 ലെ കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്തെ ആകെ തെരുവുനായ്ക്കളുടെ എണ്ണം 2,93,358 ആണ്. |
| **സി)** എങ്കിൽ മുൻ വർഷത്തെ അപേക്ഷിച്ച് തെരുവ് നായ്ക്കളുടെ എണ്ണത്തിൽ എത്ര വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | **സി)** കൃത്യമായ കണക്ക് ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ